بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Summary 16.10.15 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

16.10.15 ന് ബൈത്തുൽ ആഫിയാത്ത്,ഫ്രാങ്ക്ഫർട്ട് ജർമനിയിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം

## അഹ്മദിയ്യാ ജമാഅത്ത് അതിശീഘ്രം വളരുന്ന ജമാഅത്ത്

തശഹ്ഹുദും തഅവ്വുദും സൂറ ഫാതിഹാ ഓതിയതിനുംശേഷം ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹു തആലാ ബിനസ്രിഹിൽ അസീസ് പറഞ്ഞു:

കഴിഞ്ഞ ദിവസങ്ങളിൽ ഞാൻ ഹോളണ്ടിലായിരുന്നു. ലോകത്ത് ഏറ്റവും കൂടുതൽ വളർന്നുകൊണ്ടിരിക്കുന്നത് അഹ്മദിയ്യാ ജമാഅത്താണോ എന്ന് അവിടെ ഒരു ജേർണലിസ്ററ് എന്നോടു ചോദിക്കുകയുണ്ടായി. ഒരു അന്താരാഷ്ട്ര ജമാഅത്തെന്ന നിലയിൽ നോക്കുകയാണെങ്കിൽ തീർച്ചയായും അഹ്മദിയ്യാ ജമാഅത്താണ് ലോകത്ത് ഏറ്റവും കൂടുതൽ വളരുന്ന ജമാഅത്തെന്ന് ഞാൻ അദ്ദേഹത്തോടു പറഞ്ഞു. ഞങ്ങൾക്കു പുറമെയുള്ളവരും ഇക്കാര്യം ഇപ്പോൾ അംഗീകരിക്കുന്നുണ്ട്. ഇതുതന്നെയാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യതയ്ക്കുള്ള ഒരു വലിയ തെളിവ്. ഇന്ത്യയിൽ ഒരു ചെറിയ ഗ്രാമത്തിൽനിന്നുയർന്ന ശബ്ദം ഇന്ന് ലോകത്തിലെ ഓരോ നഗരത്തിലും ഗ്രാമത്തിലും മുഴങ്ങിക്കൊണ്ടിരിക്കുന്നു. പിന്നീട് അതിന്റെ വിശേഷമായ തേജോവിലാസം ഇപ്പോൾ വീണ്ടും പ്രകടമായിക്കൊണ്ടിരിക്കുന്നു. അഹ്മദിയ്യാ ജമാഅത്ത് ലോകത്ത് അറിയപ്പെടുന്ന ഒരു കാലം വരുമെന്ന്, അക്കാലത്ത് ഒരു സാധാരണക്കാരന് സങ്കല്പിക്കാനെ സാധിക്കുമായിരുന്നില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ)ശക്തമായ നിലയിൽ തന്റെ ഗ്രന്ഥങ്ങളിലും മാർഗ നിർദേശങ്ങളിലും അല്ലാഹുവിൽനിന്നുള്ള അറിവിന്റെ അടിസ്ഥാനത്തിൽ പറയാറുണ്ടായിരുന്നു: 'അഹ്മദിയ്യാ ജമാഅത്ത് ലോകം മുഴുവൻ അറിയപ്പെടുന്ന ഒരു കാലം വരും. അതിന്റെ വ്യാപനം അല്ലാഹുവിന്റെ സഹായത്തിനുള്ള ദൃഷ്ടാന്തമായിരിക്കും.' ഒരു അവസരത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു: 'അല്ലാഹു ഈ ജമാഅത്തിനെ വ്യാപിപ്പിച്ചുകൊണ്ടിരിക്കുന്നു. ഈ ജമാഅത്ത് ലോകത്ത് വ്യാപിക്കണമെന്ന് അല്ലാഹു ആഗ്രഹിച്ചു.' എന്നല്ല ഒരു നിവേദനം ഇങ്ങനേയുമുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു:'അല്ലാഹു ഈ ജമാഅത്തിനെ പതുക്കെപ്പതുക്കെ വർധിപ്പിക്കുന്നതാണ്. അവസാനം ഇത് എല്ലാത്തിന്റേയുമ്മേൽ വിജയംവരിക്കുകയും ചെയ്യും. അല്ലാഹുവിന്റെ സകല ജോലികളും ഘട്ടംഘട്ടമായി നടക്കുന്നുവെന്നതാണ് അവന്റെ സുന്നത്ത് അഥവാ നടപടിക്രമം.' ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു:'എത്രവേഗത്തിൽ നമ്മുടെ ജമാഅത്ത് അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്നുവോ അത്രയും വേഗം ഒരു മരവും കായ്ക്കുകയില്ല. ഇത് അല്ലാഹുവിന്റെ ദൃഷ്ടാന്തവും അത്ഭുതപ്രവർത്തിയുമാണ്.'

അല്ലാഹു 125 വർഷം മുമ്പേ അതിവിദൂരമായ ഒരു ചെറുഗ്രാമത്തിൽനിന്ന് ഉയർന്ന ശബ്ദത്തെ ലോകത്തിന്റെ മുക്കിലും മൂലയിലും ഇന്ന് എത്തിച്ചുവെന്നു മാത്രമല്ല ആത്മാർഥരായ ആളുകളുടെ ജമാഅത്തുകൾ സ്ഥാപിച്ചുകൊണ്ടുപോകുകയും ചെയ്യുന്നു. അവർ ആ മഹാത്മാവിനോടുള്ള ആത്മാർഥതയിലും കൂറു പുലർത്തുന്നതിലും വിശ്വാസത്തിലും വർധിച്ചുകൊണ്ടേയിരിക്കുന്നു. ഇതുപോലെതന്നെ ഓരോ അഹ്മദിയും അല്ലാഹു തന്റെ അനുഗ്രഹംകൊണ്ട് ഇൻശാഅല്ലാഹ്, 'പരീക്ഷണങ്ങൾ അകലുന്നതാണ്, ഈ ജമാഅത്ത് സകലതിന്റേയുമ്മേൽ വിജയം വരിക്കുന്നതാണ്' എന്ന ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രവചനത്തിലും സത്യസന്ധമായി വിശ്വസിക്കുകയും നിലകൊള്ളുകയും ചെയ്യുന്നു. ജമാഅത്ത് ലോകത്ത് വ്യാപിച്ചുകൊണ്ടിരിക്കുന്ന കാലഘട്ടത്തിലൂടെയാണ് നമ്മൾ ഇന്ന് കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. ഘട്ടംഘട്ടമായിട്ടുള്ള ഈ അഭിവൃദ്ധി ഇപ്പോൾ ലോകവും കാണാൻ തുടങ്ങിയിരിക്കുന്നു. അതുകൊണ്ടാണല്ലോ ആ ജേർണലിസ്റ്റ് ലോകത്ത് ഏറ്റവും കൂടുതൽ വളർന്നുകൊണ്ടിരിക്കുന്നത് അഹ്മദിയ്യാ ജമാഅത്താണോ എന്ന്ചോദിച്ചത്. മറ്റു പല സ്ഥലങ്ങളിലും ഇതേ ചോദ്യം ചോദിക്കാറുണ്ട്. അഹ്മദിയ്യാ ജമാഅത്ത് ലോകത്ത് അതിവേഗം വളർന്നുകൊണ്ടിരിക്കുന്ന ജമാഅത്താണെന്ന് സമ്മതിക്കാറുമുണ്ട്. അതിനോടൊപ്പം പരീക്ഷണങ്ങളും നടന്നു വരുന്നുണ്ട്. പക്ഷേ, ലോകത്തിലെ വിവിധ രാജ്യങ്ങളിൽ നിന്നു വരുന്ന റിപ്പോർട്ടുകളിൽ ബയ്അത്തുകളെ സംബന്ധിച്ചും ബയ്അത്തു ചെയ്യുന്നവരുടെ സംഭവങ്ങളെ സംബന്ധിച്ചും പ്രതിപാദിച്ചു കാണാറുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടുള്ള ശത്രുത എവിടെയെല്ലാം എത്തിയിട്ടുണ്ടോ അവിടെയെല്ലാം അല്ലാഹു അദ്ദേഹത്തെ സഹായിക്കുന്ന ദൃശ്യങ്ങളും എങ്ങനെയൊക്കെയാണ് കാണിക്കുന്നതെന്ന് വായിക്കുമ്പോൾ അത്ഭുതപ്പെട്ടു പോകുകയാണ്. ഇത് ഏതെങ്കിലും മനുഷ്യന്റെ പ്രവർത്തിയായിരുന്നെങ്കിൽ ഈ ജമാഅത്ത് ഇതിനുള്ളിൽ നശിച്ചുപോകേണ്ടതായിരുന്നു. അതിന്റെ കളവിന്റെ തൊലി ഉരിഞ്ഞുപോകേണ്ടതായിരുന്നു. എന്നാൽ, ഇത് നശിക്കുന്ന പ്രശ്നമുദിക്കുന്നില്ല. ഇവിടെ അല്ലാഹു അതിന്റെ അഭ്യുന്നതിയാണ് കാണിച്ചുകൊണ്ടിരിക്കുന്നത്.

അല്ലാഹു എങ്ങനെയാണ് ദൃഷ്ടാന്തങ്ങൾ കാണിച്ചുകൊണ്ടിരിക്കുന്നതെന്നും എങ്ങനെയാണ് ആലുകളെ പിടിച്ചുപിടിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ബയ്അത്തിൽ കൊണ്ടുവരുന്നതെന്നും നമ്മൾ കാണുമ്പോൾ അത്ഭുതപ്പെട്ടുപോകുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു:'ഇപ്പോൾ സ്വപ്നദർശനങ്ങളും ധാരാളമുണ്ടാകുന്നു. സ്വപ്നദർശനങ്ങളിലൂടെ വിവരങ്ങൾ അറിയിച്ചുകൊടുക്കാൻ അല്ലാഹു ആഗ്രഹിക്കുന്നതായി മനസ്സിലാകുന്നു. ആകാശത്തിൽ വെട്ടുകിളികൾ പറക്കുന്നതുപോലെയാണ് മലക്കുകൾ ചുറ്റിക്കറങ്ങുന്നത്. വിശ്വസിക്കുക, വിശ്വസിക്കുക എന്ന വിചാരം അവർ ജനമനസ്സുകളിൽ ഇട്ടുകൊണ്ടേപോകുന്നു.

ഇപ്പോൾ ഞാൻ കഴിഞ്ഞ വർഷത്തിലുണ്ടായ അത്തരം ചില സംഭവങ്ങൾ ഉദാഹരണമെന്നോണം സമർപിക്കുകയാണ്. സ്വപ്ന ങ്ങളിലൂടെ സത്യം മനസ്സിലാക്കിക്കൊടുത്ത ഒരുപാട് സംഭവങ്ങളിൽ അല്പം ചിലതാണ് എടുത്തിട്ടുള്ളത്. അവരുടെ കാര്യങ്ങൾ കേൾ ക്കുമ്പോൾ അത്ഭുതം തോന്നുന്നു. ഖാദിയാനിൽനിന്ന് ആയിരക്ക ണക്കിന് മൈൽ അകലത്ത്-എന്നല്ല എത്താനും എത്തിക്കാനും ഉപഗ്രഹ ആശയവിനിമയമാർഗം പോലും എത്താത്ത സ്ഥലങ്ങ ളിലിരിക്കുന്ന അവർക്കും അല്ലാഹു മാർഗദർശനം നല്കിക്കൊ ണ്ടിരിക്കുന്നു.

മൊറേഷ്യസിന്നടുത്ത് ഒരു ചെറിയ ദ്വീപുണ്ട് 'മായോട്ടെ'. അവി ടെ പര്യടനത്തിനുപോയ നമ്മുടെ മുബല്ലിഗ് പറയുന്നു: ഒരു അന ഹ്മദീ സ്നേഹിതൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ സ്വപ്ന ത്തിൽ കണ്ടു. കുറച്ചുകാലത്തിനു ശേഷം അദ്ദേഹം എം. ടി. എ (മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യാ ചാനൽ)കാണാൻ ഇടയാ യി. എം.ടി.ഏ യിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഫോട്ടോ കണ്ടുടനെ 'ഞാൻ സ്വപ്നത്തിൽ കണ്ട ആ പുണ്യാത്മാവ് ഇദ്ദേ ഹമാണ്' എന്ന് പറഞ്ഞു. അതിലൂടെ അദ്ദേഹത്തിന് അഹ്മദിയ്യ ത്ത് തന്നെയാണ് യഥാർഥ ഇസ്‌ലാമെന്ന് ബോധ്യമായി. ബയ്അ ത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിക്കുകയും ചെയ്തു.

ഗിനികൊണാക്രി ആഫ്രിക്കയിലെ ഒരു വിദൂരരാജ്യമാണ്. പട്ട ണത്തിലെ യൂണിവേഴ്സിറ്റിയിലെ ഒരു വിദ്യാർഥിയാണ് സുല യ്മാൻ സാഹിബ്. അദ്ദേഹത്തെ ദീർഘകാലമായി തബ്ലീഗ് ചെയ്തുവരികയായിരുന്നു. പക്ഷേ, ബയ്അത്ത് ചെയ്യുന്നുണ്ടാ യിരുന്നില്ല. ഒരു ദിവസം അദ്ദേഹം വന്നിട്ടു 'തനിക്കു തൃപ്തിയാ യിരിക്കുന്നു ഉടനെ ബയ്അത്ത് ചെയ്യണം' എന്ന് പറഞ്ഞു. എങ്ങ നെ തൃപ്തനായി എന്നു ചോദിച്ചപ്പോൾ അദ്ദേഹം താൻ കണ്ട ഒരു സ്വപ്ന ദർശനം പറഞ്ഞു,'ഞാൻ വഞ്ചിയിൽ യാത്ര ചെയ്യു കയാണ്. ഞങ്ങളുടെ വഞ്ചിക്കുസമീപം മറ്റൊരു വഞ്ചി മുങ്ങി ത്താണുകൊണ്ടിരിക്കുകയാണ്. അതിലെ യാത്രക്കാർ സഹായ ത്തിനായി ഞങ്ങളെ വിളിക്കുന്നുണ്ട്. ഞങ്ങൾ അവരെ സഹായി ക്കുന്നുമുണ്ട്. അങ്ങനെ അവർ ഞങ്ങളുടെ വഞ്ചിയിൽ യാത്ര ചെയ്യാൻ തുടങ്ങി. ഞങ്ങൾ ഏതൊരു മേശയുടെ ചുറ്റുമാണോ ഇരിക്കുന്നത് അവിടെ ഇമാം മഹ്ദിയു(അ)മുണ്ട്. ഞങ്ങൾക്ക് കുടി ക്കാൻ പാലിന്റെ പാത്രം തരുന്നുണ്ട്. അദ്ദേഹം പറയുന്നു: ഞാൻ ആ പാത്രം വാങ്ങി വയറുനിറയെ കുടിച്ചു. അതിന് നല്ല രുചിയു ണ്ടായിരുന്നു. അതിനുശേഷം എന്റെ കണ്ണുകൾ തുറന്നപ്പോൾ ഈ ജീവൻ പ്രദാനം ചെയ്യുന്ന ജ്യൂസ് ഹദ്റത്ത് മസീഹ് മൗഊ ദ്(അ)ന്റെ വഞ്ചിയിൽ യാത്ര ചെയ്യുന്നതുകൊണ്ടും അദ്ദേഹത്തിനു ബയ്അത്തു ചെയ്യുന്നതുകൊണ്ടും മാത്രമേ കരസ്ഥമാക്കാൻ സാധിക്കുകയുള്ളുവെന്ന് മനസ്സിലായി. അദ്ദേഹം ഉടൻ ബയ്അത്ത് ചെയ്യുകയും ചെയ്തു.

കേരളം ഇന്ത്യയുടെ ദക്ഷിണേന്ത്യൻ സംസ്ഥാനമാണ്. അവിടെ ഒരു നവ അഹ്മദി സ്നേഹിതൻ അബ്ദുൽ മജീദ് സാഹിബ് തന്റെ വീട്ടിൽ കേബിൾ മുഖേന ടി.വി കാണാറുണ്ടായിരുന്നു. പെട്ടെന്ന് അദ്ദഹത്തിന് എം.ടി.എ കാണാൻ അവസരം കിട്ടി. അതി നോടുള്ള താൽപര്യം വർധിച്ചുകൊണ്ടേപോയി. ത്വരീഖത്തുമായി ബന്ധമുള്ള ആളായിരുന്നു അദ്ദേഹം. ഒരു പീർസാഹിബിന് അദ്ദേ ഹം ബയ്അത്തും ചെയ്തിരുന്നു. അദ്ദേഹം പറയുന്നു: എം.ടി.എ കണ്ട് ഒന്നു രണ്ടു ദിവസം കഴിഞ്ഞതേയുള്ളു, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മസാർ സിയാറത്തു ചെയ്യുന്നതായി സ്വപ്ന ത്തിൽ കണ്ടു. അവിടെ മരിച്ചുപോയ തന്റെ പീർ സാഹിബും സിയാറത്ത് ചെയ്യുന്നുണ്ട്. ഈ സ്വപ്നത്തിനുശേഷം ജമാഅത്തി നെ അറിഞ്ഞ അദ്ദേഹം ഖാദിയാനിലെത്തി. അവിടെവച്ച് ബയ് അത്തും ചെയ്തു.

നോർത്ത് ആഫ്രിക്കയിലെ ഒരു രാജ്യമാണ് തിയോനസ്. ഇവി ടെത്തെ ഒരു സ്നേഹിതനാണ് ഖാദിർ സാഹിബ്. പറയുന്നു: 'ഞാൻ ജമാഅത്തിൽ ആകൃഷ്ടനായിരുന്നു. പക്ഷേ, ബയ്അത്തു ചെയ്യുന്നതിലേക്ക് എന്റെ മനസ്സ് പോയിരുന്നില്ല. തൃപ്തി കിട്ടിയി രുന്നില്ല. കാരണം ഇമാം മഹ്ദിയെ നബി എന്ന നിലയിൽ വിശ്വ സിക്കാൻ തയ്യാറല്ലായിരുന്നു.' ഹുദൂർ അയ്യദഹുല്ലാഹ് പറയുന്നു: മുസ്‌ലീംകൾക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാദം ശരീ അത്തില്ലാത്ത നബി എന്നതാണെന്നും അവിടന്ന് എന്തൊന്ന് പ്രാപിച്ചുവോ അതെല്ലാം നബി(സ)തിരുമേനിയിലൂടെയാണെന്നും, മസീഹ് വരേണ്ടത് നബി എന്ന സ്ഥാനത്തോടുകൂടിയാണെന്നും മനസ്സിലായാൽ അവർക്കത് വിശ്വാസത്തിന് എളുപ്പമാകുന്നതാണ്. എന്തായാലും അദ്ദേഹം വിശ്വസിക്കാൻ തയ്യാറായില്ല. അദ്ദേഹം പറയുന്നു:'അല്ലാഹു എന്നോട് ഹദ്റത്ത് മിർസാ ഗുലാം ഇമാം മഹ്ദിയാണെന്ന് പറഞ്ഞാൽ വിശ്വസിക്കുമെന്ന് ഞാൻ തീരുമാ നിച്ചു.' അങ്ങനെയിരിക്കെ ഒരു അഹ്മദി സഹോദരനുമായി സംസാരിച്ചു. ഇമാം മഹ്ദിയെ തിരിച്ചറിഞ്ഞിട്ടും ബയ്അത്ത് ചെയ്യാത്തവൻ അവിശ്വാസത്തിന്റെ മരണം വരിക്കുമെന്നുള്ള ഒരു ഉദ്ധരണി അദ്ദേഹം എനിക്കു തന്നു. ഇക്കാര്യം എന്നെ വല്ലാതെ അലട്ടിക്കൊണ്ടിരുന്നു. ഞാൻ രാത്രിയിൽ ഇസ്തിഖാറ ചെയ്തു. സ്വപ്നത്തിൽ കണ്ടു, ഞാൻ വിശുദ്ധ ഖുർആൻ പാരായണം ചെയ്യുകയാണ്. **ഇന്നീ അൻസ്വുറുക്ക യാ അഹ്മദ്** എന്നെഴുതിയ സ്ഥലത്തെത്തിയപ്പോൾ നിന്നുപോയി. അദ്ദേഹം പറയുന്നു:'ആ സ്വപ്നം കണ്ട് ഞാൻ ക്ഷണത്തിൽ ബയ്അത്തു ചെയ്തു.

മാലി മുബല്ലിഗ് എഴുതുന്നു: കോലിബാലി എന്നൊരാളുണ്ട്. ഒരു ചെറിയ കസബയിൽ താമസിക്കുന്ന പ്രായംചെന്ന വ്യക്തിയാ ണ്. 2014 ഡിസംബറിൽ ബയ്അത്തു ചെയ്യാൻ ഭാഗ്യം ലഭിച്ചു. അദ്ദേഹം പറയുന്നു: '1964-ൽ ഞാൻ ഐവറികോസ്റ്റിലായിരുന്നു. വെളുത്ത നിറമുള്ള രണ്ടാളുകൾ അദ്ദേഹത്തിന്റെ അടുക്കൽ വന്നി രിക്കുന്നതായി അദ്ദേഹം ഒരു ദിവസം സ്വപ്നത്തിൽ കണ്ടു. 'ഇമാം മഹ്ദി വന്നു കഴിഞ്ഞിരിക്കുന്നു. അദ്ദേഹത്തിന് ബയ്അത്തു ചെ യ്യുക.' എന്നവർ പറഞ്ഞു. ആ സ്വപ്നത്തിനുശേഷം അദ്ദേഹം ആർമിയിൽ ജോയിൻ ചെയ്തു. സ്വപ്നവും മറന്നു പോയി. എ ന്നാൽ, 2014 -ൽ ഒരു ദിവസം റേഡിയോ ട്യൂൺ ചെയ്യുകയായിരു ന്നപ്പോൾ അഹ്മദിയ്യാ റേഡിയോ കിട്ടി. അതു സ്ഥിരമായി കേ ൾക്കാൻ തുടങ്ങുകയും ഇമാം മഹ്ദിയുടെ ആഗമനത്തെക്കുറിച്ച് കേൾക്കുകയും ചെയ്തപ്പോൾ മനസ്സിന്റെ അവസ്ഥ ആകെ മാറി പ്പോയി. അമ്പത് വർഷം മുമ്പേ അല്ലാഹു അറിയിച്ച സ്വപ്നവും ഓർമ വന്നു. മരണത്തിനു മുമ്പേ ഇമാം മഹ്ദിയുടെ ബയ്അ ത്തിൽ വരാൻ തൗഫീഖ് കിട്ടിയതിനു അദ്ദേഹം അല്ലാഹുവിന് ലക്ഷം ലക്ഷം ശുക്ർ ചെയ്തു. സൽപ്രകൃതക്കാരെ അല്ലാഹു പാഴാക്കിക്കളയുകയില്ല. സുദീർഘകാലം കഴിഞ്ഞതിനുശേഷവും അല്ലാഹു അദ്ദേഹത്തിന് മാർഗദർശനം നല്കി.

മറ്റൊരു രാജ്യമാണ് സ്വാസിലാൻഡ്. ഒരു അഹ്മദി യുവാവ് ത്വാഹിർ സാഹിബ് ഉണ്ടവിടെ. അദ്ദേഹം കുറച്ചുകാലംമുമ്പേ ബയ്അത്തു ചെയ്തു. ഈ വർഷം റമളാൻ മാസത്തിൽ 27-ാം രാവ് അദ്ദേഹം സ്വപ്നത്തിൽ കണ്ടു, ചന്ദ്രൻ അതിന്റെ പൂർണ പ്രകാശത്തോടെ തിളങ്ങിക്കൊണ്ടിരിക്കുന്നു. ഒരു പകൽവെളിച്ച മെന്നപോലെ. സ്വപ്നത്തിൽത്തന്നെ അശ്‌രീരി കേട്ടു, 'ഇത് നീ പ്രാപിച്ച പ്രകാശമാണ്. അത് മുറുകെ പിടിച്ചുകൊള്ളുക. ഇത് പതുക്കെപ്പതുക്കെ സ്വാസിലാൻഡ് മുഴുവൻ വ്യാപിക്കുന്നതാണ്.'

ഈ പ്രകാശംകൊണ്ടുള്ള ഉദ്ദേശ്യം അഹ്മദിയ്യത്താണെന്ന് സ്വപ്നത്തിൽത്തന്നെ എനിക്ക് മനസ്സിലാക്കിത്തന്നു. അതു മെല്ലെമെല്ലെ രാജ്യം മുഴുവൻ വ്യാപിക്കുന്നതാണ്. ഇൻശാഅല്ലാഹ്. ഈ സ്വപ്നത്തിനുശേഷം ആ നവഅഹ്മദിക്ക് അസാധാരണമായ നിലയിൽ സ്ഥൈര്യം നല്കപ്പെട്ടു.

മാലിയിലെ മറ്റൊരു സംഭവമുണ്ട്. താൻദരെബോഗോ ജമാഅത്തിൽ പ്രായം ചെന്ന സഈദ് സാഹിബ് അഹ്മദിയ്യത്തിനെക്കുറിച്ച് കേട്ടിരുന്നു. അഹ്മദിയ്യത്തിന്റെ സത്യം അറിയാൻ അദ്ദേഹം ആഗ്രഹിച്ചിരുന്നു. അതിനായി അദ്ദേഹം 40 ദിവസം തപോയജ്ഞം നടത്തി. പറയുന്നു: 21-ാം രാവ് അദ്ദേഹം സ്വപ്നത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടൊപ്പം എന്നേയും സ്വപ്നത്തിൽ കണ്ടു. ഞങ്ങളിരുവരും അദ്ദേഹത്തിന്റെ വീട്ടിൽ ചെല്ലുന്നതായും അദ്ദേഹത്തെ ഞങ്ങളോടൊപ്പം ആകാശത്തിൽ കൊണ്ടുപോകുന്നതായും കണ്ടു. അദ്ദേഹം പറയുന്നു: 'ഈ സ്വപ്നം കണ്ടിട്ട് ഞാൻ പൂർണ സംതൃപ്തനായി.' അങ്ങനെ അദ്ദേഹം അഹ്മദിയ്യത്ത് സ്വീകരിച്ചു.

ആഫ്രിക്കക്കാർ ഒന്നും നോക്കാതെ വിശ്വസിക്കുന്നവരാണെന്നാണ് പരക്കെ ആളുകൾ കരുതുന്നത്. എന്നാൽ, അവരിൽ സത്യം സ്വീകരിക്കുന്നതിനുള്ള അന്വേഷണ ത്വരയുണ്ട്. അതുകൊണ്ടാണ് അവർ കേൾക്കാൻ തയ്യാറാകുന്നത്. ഉരച്ചുനോക്കുന്നത്. ശാഠ്യം കാണിക്കാറില്ല. കാരണം സൽപ്രകൃതിയാണ്. അതിനാൽ അല്ലാഹു അവർക്ക് മാർഗ ദർശനം നല്കുന്നു. ദീനിനുവേണ്ടി അദ്ദേഹത്തിന്റെ മനസ്സിൽ ഒരു വേദന ഉണ്ടായിരുന്നതുകൊണ്ടാണല്ലോ അദ്ദേഹം 40 ദിവസത്തെ തപോയജ്ഞത്തെ കുറിച്ച് ആലോചിച്ചത്.

ഹദ്റത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)സത്യവാനാണെന്നും താൻ അയച്ചയാളാണെന്നും മസീഹും മഹ്ദിയുമാണെന്നും പറയുന്നതിനുവേണ്ടി മാത്രമല്ല മറിച്ച് ആ മഹാത്മാവിനുശേഷം തുടങ്ങിയിട്ടുള്ള ഖിലാഫത്ത് വ്യവസ്ഥിതിയും അല്ലാഹുവിന്റെ തുണയോടുകൂടിയുള്ളതാണെന്നും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മിഷൻ മുന്നോട്ടുകൊണ്ടുപോകുന്ന ഖലീഫമാരെ സ്വപ്നത്തിൽ കാണിച്ചുകൊണ്ട് മാർഗ ദർശനവും നല്കുന്നു.

നൈജീരിയായിൽനിന്ന് ഒരു മുഅല്ലിം എഴുതുന്നു: 'മുഹമ്മദ് എന്നു പേരുള്ള ഒരാൾ താൻ കണ്ട സ്വപ്നം വിവരിച്ചു: അദ്ദേഹം കപ്പലിൽ യാത്ര ചെയ്യുകയാണ്. കപ്പൽ നടുക്കടലിൽ എത്തിയപ്പോൾ പെട്ടെന്ന് കൊടുങ്കാറ്റടിച്ചു. കപ്പൽ മുങ്ങാൻ തുടങ്ങി. അതോടെ ജീവിക്കുമെന്നുള്ള വിചാരമെല്ലാം അവസാനിച്ചു. അപ്പോൾ പെട്ടെന്ന് ഒരു മനുഷ്യന്റെ കൈ നീളുകയും എന്നെ തീരത്ത് കൊണ്ടുവരികയും ചെയ്തു. അല്ലാഹുവിന്റെ ഈ ദാസൻ ആരാണെന്ന് എനിക്കറിയില്ലായിരുന്നു. കുറച്ചു കാലത്തിനുശേഷം മുഹമ്മദ് എന്നു പേരുള്ള ഈ വ്യക്തിയുടെ ബന്ധം നമ്മുടെ ഒരു ദാഇ ഇലല്ലായും മുഅല്ലിമുമായിട്ടുണ്ടായി. ദാഈ ഇലല്ലാഹ് അദ്ദേഹത്തിന് എം.ടി.എ കാണിച്ചുകൊടുത്തു. എം.ടി.എ യിൽ അദ്ദേഹം എന്റെ രൂപം കണ്ടപ്പോൾ പെട്ടെന്നു പറഞ്ഞു: അല്ലാഹുവിന്റെ ഈ ദാസനാണ് എന്നെ രക്ഷപ്പെടുത്തിയത്. അങ്ങനെ അദ്ദേഹം തന്റെ കുടുംബസമേതം ജമാഅത്തിൽ ചേർന്നു.

മിസ്റിലെ ഒരു സാഹിബ് പറയുന്നു: 'ഞാൻ 2004-ൽ സ്വപ്നം കണ്ടിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് ഒരു സ്ഥലത്ത് വിശ്രമിക്കുകയാണ്. ഞാൻ അദ്ദേഹത്തോടൊപ്പം ഇരിക്കുന്നുണ്ട്. എന്നെ നോക്കിക്കൊണ്ട് അദ്ദേഹം പറയുന്നു: 'ഇക്കാര്യത്തെക്കുറിച്ച് താങ്കൾ അന്വേഷിക്കേണ്ടതാണ്.' എനിക്കപ്പോൾ ഇതെന്താണെന്ന് മനസ്സിലായില്ല. പറയുന്നു: അതിനുമുമ്പേ ഖലീഫത്തുൽമസീഹ് റാബിഇനെ ഞാനൊരിക്കലും കണ്ടിരുന്നില്ല. സ്വപ്നം കണ്ട് 4 വർഷത്തിനുശേഷം ഞാൻ എം.ടി.എ കാണുകയും അന്വേഷിക്കാൻ തുടങ്ങുകയും ചെയ്തു. ഇപ്രകാരം അല്ലാഹു എനിക്ക് ഹിദായത്തു നല്കി. പറയുന്നു: 2014 നവംബറിൽ ഞാൻ ബയ്അത്തു ചെയ്യുന്നതിനുമുമ്പേ സ്വപ്നം കണ്ടു, ഒരു മസ്ജിദിൽ ഞാൻ പ്രവേശിച്ചു. അത് നമസ്കാരക്കാരെക്കൊണ്ട് നിറഞ്ഞിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)അവിടെയുണ്ട്. എന്നെ നോക്കുന്നു. ഞാൻ ഹുദൂറിന്റെ അടുത്ത് വരുന്നു. പിന്നീടു കാണുന്നത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്ഥാനത്ത് ഹദ്റത്ത് ഖലീഫ അവ്വൽ(റ)ഇരിക്കുന്നതാണ്. ഒരു അശ്‌രീരി കേൾക്കുന്നുണ്ട്: 'ഇദ്ദേഹം അബൂബക്കർ സിദ്ദീഖാണ്.' അപ്പോൾ ഞാൻ കൂടുതൽ അടുത്തു. ഖലീഫത്തുൽ മസീഹ് അവ്വലിന്റെ സ്ഥാനത്ത് പിന്നീട് കാണുന്നത് ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസിനെയാണ്. അദ്ദേഹം എന്നെ കണ്ടുടനെ ദുആ ചെയ്യാൻ കൈയുയർത്തി. ഞാനും ദുആയിൽ പങ്കെടുത്തു. പറയുന്നു: ദുആകളുടെ സ്വീകാര്യത ഹദ്റത്ത് മസീഹ് മൗഊദ്(അ) നേയും ഖലീഫമാരേയും പിൻപറ്റുന്നതിന്റെ ബർക്കത്തിലൂടെയാണെന്ന് ഞാൻ ഈ സ്വപനത്തെ വ്യാഖ്യാനിച്ചു.

ഹുദൂർ അയ്യദഹുല്ലാഹ് പറയുന്നു: ഇവർ സത്യം മനസ്സിലാക്കുന്ന ഭാഗ്യവാന്മാരാണ്. ഇവരുടെ ഹൃദയാവസ്ഥ കണ്ടിട്ട് അല്ലാഹു അവർക്കു മാർഗദർശനം നല്കുന്നു. അത്തരക്കാർ എങ്ങനെയുള്ളവരാണെങ്കിലും വേണ്ടില്ല. ചിലയാളുകളുടെ സ്വപ്നങ്ങളിൽ നിന്ന് പ്രകടമാകുന്നത് മനുഷ്യൻ അത്ഭുതപ്പെട്ടുപോകുംവിധം വ്യക്തമായ മാർഗദർശനം നല്കുന്നുവെന്നാണ്. തങ്ങളെ ദീനിന്റെ ആലിമായി മനസ്സിലാക്കിനടക്കുന്നവർ അല്ലാഹുവിന്റെ ഈ മാർഗദർശനത്തിൽനിന്ന് പിന്തള്ളപ്പെടുന്നു. ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) നവഅഹ്മദികളുടെ മജ്‌ലിസിൽ ഇരിക്കുകയായിരുന്നു. അവിടന്ന് ആ നവഅഹ്മദികളോട് സ്നേഹം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: നിങ്ങൾ വലിയ ഭാഗ്യവാന്മാരാണ്. വലിയ വലിയ മൗലവിമാരുണ്ടിവിടെ. അല്ലാഹു അവർക്ക് വാതിലുകൾ അടച്ചിരിക്കുന്നു. നിങ്ങൾക്കായി തുറക്കുകയും ചെയ്തിരിക്കുന്നു. ഇവിടെ ഇരിക്കുന്ന നിങ്ങളുടെമേൽ അല്ലാഹുവിന്റെ വലിയ ഔദാര്യമാണുള്ളത്. അല്ലാഹു നിങ്ങൾക്ക് അഹ്മദിയ്യത്ത് സ്വീകരിക്കാൻ തൗഫീഖ് നല്കി. ഞാൻ പല പ്രാവശ്യം പറഞ്ഞതുപോലെ നമുക്കും അല്ലാഹുവിന്റെ ഈ ഔദാര്യത്തെ ഓർമവെക്കേണ്ടതും അതിനു ശുക്ർ ചെയ്യേണ്ടതുമാണ്.

ജമാഅത്തിൽ ചേരുന്നവരെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയാറുണ്ടായിരുന്നു: നമ്മുടെ ജമാഅത്തിനെത്തന്നെ നോക്കുക. ഇവരെല്ലാവരും നമ്മുടെ എതിരാളികളിൽ നിന്ന് പുറത്തുവന്ന് അഹ്മദിയായവരും ഓരോദിവസവും ബയ്അത്ത് ചെയ്യുന്നവർ അവരിൽനിന്നുതന്നെ വരുന്നവരുമാണ്. അവരിൽ കഴിവും അവർക്ക് ഭാഗ്യവും ഇല്ലായെങ്കിൽ ഇവരെങ്ങനെയാണ് പുറത്തുചാടി വരുന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ആദ്യം ഞാൻ ചീത്തവിളിക്കാറുണ്ടായിരുന്നു; എന്നാൽ ഇപ്പോൾ ഞാൻ തൗബ ചെയ്തു മടങ്ങുന്നു; എനിക്ക് മാപ്പാക്കിതരണം എന്നൊക്കെ പറഞ്ഞുകൊണ്ട് ബയ്അത്തു ചെയ്യുന്നവരുടെ ഒരുപാട് കത്തുകൾ വരുന്നുണ്ട്.'

ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് പറയുന്നു: ഇതേ എതിർപ്പുകൾ സ്വീകരിച്ചിരുന്ന ഒരുപാടാളുകൾ ഇന്നുമുണ്ട്. പക്ഷേ, ഇപ്പോൾ ആത്മാർഥത അവരിൽ വളരുന്നു. മാലിയിലെ ഒരു മുബല്ലിഗ് സാഹിബ് എഴുതി: നമ്മുടെ ഒരു ജമാഅത്തം

ഗമാണ് സുലയ്മാൻ സാഹിബ്. ബയ്അത്തിനുശേഷം അദ്ദേഹത്തിന്റെ ഭാര്യ തന്റെ ഭർത്താവിന്റെ സഹോദരന്റെ അടുക്കൽപോയി. നിങ്ങളുടെ സഹോദരൻ ഇപ്പോൾ മുസ്‌ലിമല്ലെന്ന് പറഞ്ഞു. നിങ്ങളുടെ സഹോദരൻ അഹ്മദിയായിരിക്കുന്നു. നിങ്ങൾ പോയി അദ്ദേഹത്തിന് മനസ്സിലാക്കിക്കൊടുക്കുക. അപ്പോൾ അദ്ദേഹത്തിന്റെ സഹോദരന് ദ്വേഷം വന്നു. അയാൾ സുലയ്മാൻ സാഹിബിന്റെ അടുക്കൽ വന്ന് അഹ്മദിയ്യത്ത് ഉപേക്ഷിക്കാൻ പറഞ്ഞു. നീ അഹ്മദിയ്യത്ത് ഉപേക്ഷിച്ചില്ലെങ്കിൽ ഞാനും നീയുമായി ഒരു ബന്ധമില്ലെന്നും നിന്റെ ജനാസയിൽ പങ്കെടുക്കുകയില്ലെന്നും പറഞ്ഞു. പക്ഷേ, സുലയ്മാൻ സാഹിബ് സഹോദരൻ പറഞ്ഞതൊന്നും വകവെക്കാതെ ഉറച്ചുനിന്നു. അദ്ദേഹത്തിന്റെ എതിരാളിയായ സഹോദരൻ കുറച്ചു കാലത്തിനുശേഷം തന്റെ സഹോദരനെ അഹ്മദിയ്യത്തിൽനിന്ന് തിരിച്ചുകൊണ്ടുവരുന്നതിന് റേഡിയോ അഹ്മദിയ്യ കേൾക്കാൻ തുടങ്ങി. അതിനെതിരെ ആക്ഷേപം ഉന്നയിക്കാമെന്നും സഹോദരനെ രക്ഷിക്കാമെന്നും കരുതി. കുറച്ചു കാലത്തിനുശേഷം സ്വയം അദ്ദേഹത്തിന്റെ എതിരാളിയായ സഹോദരന്റെ മനസ്സു മാറി. ബയ്അത്ത് ചെയ്ത് അഹ് മദിയ്യത്തിൽ പ്രവേശിച്ചു.

ഇപ്രകാരംതന്നെ ഇന്ത്യയിലെ മുറബ്ബി അജമൽ സാഹിബ് എഴുതുന്നു: ബംഗാൾ സംസ്ഥനത്തിലെ മുർശിദാബാദ് ജില്ലയിലെ ഒരു ഗ്രാമത്തിൽ ഒരു തബ്‌ലീഗ് മീറ്റിംഗ് സംഘടിപ്പിച്ചു. ആ മീറ്റിംഗിൽ ഗ്രാമത്തിലെ അനഹ്മദി മസ്ജിദ് കമ്മിറ്റി മേലധികാരിയും മുഅദ്ദിനും മറ്റു ചില വിദ്യാസമ്പന്നരും പങ്കെടുത്തു. മീറ്റിംഗിനു ശേഷം മസ്ജിദു കമ്മിറ്റി മേലധികാരി പറഞ്ഞു: 'എന്റെ സഹോദരപുത്രൻ അഹ്മദിയാണ്. ഞാനെന്നും അഹ്മദികളെ വെറുത്തിരുന്നു. അഹ്മദികൾ മതമില്ലാത്തവരാണെന്ന് ഞാൻ മനസ്സിലാക്കി. എന്നാൽ, ഇപ്പോൾ ഞാൻ അല്ലാഹുവിൽ സത്യം ചെയ്തു പറയുന്നു, അഹ്മദികൾ തന്നെയാണ് യഥാർഥ മുസ്‌ലീംകൾ. ബാക്കിയെല്ലാവരും ഇസ്‌ലാമിൽനിന്ന് മൈലുകൾ ദൂരെയാണ്. പിന്നീട് ആ ഗ്രാമത്തിൽ 12 ബയ്അത്തുകൾ നടന്നു.

ഇത് അല്ലാഹുവിന്റെ ജോലിയാണ്. അവൻ അത് ചെയ്തുകൊണ്ടിരിക്കുകയും ജമാഅത്ത് ഈ അടയാളങ്ങൾ കണ്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു. തീർച്ചയായും ഈ സംഭവങ്ങൾ നമ്മുടെ ഈമാനിനെ കൂടുതൽ ശക്തമാക്കുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)നമ്മളോടു പറഞ്ഞു, മനസ്സിനെ പ്രകാശിപ്പിക്കുന്നതിന് ദൃഢവിശ്വാസത്തിന്റെ ശക്തി വർധിപ്പിക്കേണ്ട ആവശ്യമുണ്ട്. നമ്മുടെ ഈമാനിനെ ബലപ്പെടുത്തേണ്ട ആവശ്യമുണ്ട്. നമ്മളിലോരോരുത്തരും നമ്മുടെ ഈമാനിക ശക്തി കൂടുന്നുണ്ടോ എന്ന് ആത്മ പരിശോധന നടത്തേണ്ടത് നിർബന്ധമാണ്. നമ്മുടെ മനസ്സ് പ്രകാശിക്കുന്നുണ്ടോ, നമുക്ക് ദീനിൽ താൽപര്യമുണ്ടോ, ഇസ്‌ലാമിക കല്പനകളുനുസരിച്ച് പ്രവർത്തിക്കുന്നുണ്ടോ എന്നൊക്കെ പരിശോധിക്കേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ)ഒരിടത്ത് ഓരോരുത്തരുടേയും അവസ്ഥകളിലേക്ക് ശ്രദ്ധക്ഷണിച്ചുകൊണ്ട് പറയുന്നു: വിശുദ്ധ ഖുർആൻ പാരായണം ചെയ്യുക. അല്ലാഹുവിനെതൊട്ട് ഒരിക്കലും നിരാശനാകാതിരുക്കുക. മുഅ്മിൻ ഒരിക്കലും അല്ലാഹുവിനെതൊട്ട് നിരാശനാകുകയില്ല. അത് നിഷേധികളുടെ ശീലത്തിൽപ്പെട്ടതാണ്. അവൻ അല്ലാഹുവിനെതൊട്ട് നിരാശനാകുന്നു. നമ്മുടെ അല്ലാഹു **അലാ കുല്ലി ശയ്ഇൻ ഖദീറായ** അല്ലാഹു ആകുന്നു. വിശുദ്ധ ഖുർആന്റെ തർജമ വായിക്കുക. നമസ്കാരങ്ങൾ മനോഹരമാക്കി അനുഷ്ഠിക്കുക. അതിന്റെ അർഥവും ഗ്രഹിക്കുക. മാതൃഭാഷയിൽ ദുആ ചെയ്യുക. വിശുദ്ധ ഖുർആനെ ഒരു സാധാരണ പുസ്തകമെന്ന നിലയിൽ പാരായണം ചെയ്യരുത്. നമ്മുടെ നബി(സ)തിരുമേനി നമസ്കരിച്ചതുപോലെ നമസ്കരിക്കുക. ദുആ ചെയ്യണമെങ്കിൽ നമസ്കാരത്തിൽ ദുആ ചെയ്യുക. ദുആകളുടെ എല്ലാ മര്യാദകളും പാലിച്ച് ദുആ ചെയ്യുക. നമസ്കാരത്തിന്റെ തർജമ മുഴുവൻ പഠിക്കുക. പിന്നീട് ആ അർഥം മനസ്സിലാക്കി നമസ്കരിക്കുക. നമസ്കാരം തത്തകളെപ്പോലെ അനുഷ്ഠിക്കുകയാണെങ്കിൽ ഒരിക്കലും തൗഹീദ് വരികയില്ലെന്ന് മനസ്സിലാക്കുക. നമസ്കാരം അതിന്റെ ഉന്നതനിലയിലെത്തിച്ചാൽ വഞ്ചിക്കപ്പെടുകയില്ല. ചീത്ത സ്വാധീനമുണ്ടാകുകയുമില്ല. അല്ലാഹുവിന് സമനായി ആരുമില്ലെന്നും അവൻ അതുല്യനാണെന്നും വിശ്വസിക്കുക. സ്വന്തം കർമം കൊണ്ട് അത് പ്രവർത്തിച്ചു കാണിക്കുക.

ഖുത്ബയുടെ അവസാനം ഹുദൂർ പറഞ്ഞു: അല്ലാഹു നമുക്കെല്ലാം അതിനു തൗഫീഖ് നല്കുമാറാകട്ടെ. നമ്മൾ അല്ലുഹുവുമായി സുദൃഢബന്ധം സ്ഥാപിക്കുന്നവരായിത്തീരട്ടെ. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വരവിന്റെ ഉദ്ദേശ്യം മനസ്സിലാക്കുന്നവരാകട്ടെ. ജമാഅത്തിന്റെ കർമ നിരതവും ശക്തവുമായ ഭാഗമായി നമ്മൾ മാറട്ടെ. നബി(സ)തിരുമേനിയുടെ അധ്യാപനം ലോകത്ത് പ്രചരിപ്പിക്കുന്നവരായിത്തീരട്ടെ. അല്ലാഹുവിന്റെ ഉപഹാരങ്ങൾക്ക് എപ്പോഴും അനന്തരാവകാശികളാകട്ടെ.


Friday Sermon delivered by **Hadrath Khaleefathul Masih Al-khamis** (atba)
at Baitul Aafiyat- Frankfurt ,Germany – on 16.10.15
Malayalam Translation : **Moulvi Mohammed Ismail Alleppey**, For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath,Sadr Anjuman Ahmadiyya - Qadian, 143516



If Undelivered Please Return To
Ahmadiyya Muslim Jama'at
Baithul Quddoos, G.H.Road
Calicut - 673001,Kerala